# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.38/PR/PIC/PHQ/18 Date : 23.02.2018

---

## പത്രക്കുറിപ്പ്

അട്ടപ്പാടി അഗളിയിൽ നടന്ന സംഭവം അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. ഇക്കാര്യത്തിൽ ശാസ്ത്രീയവും ഫലപ്രദവുമായ അന്വേഷണം നടത്തുന്നതിന് തൃശൂർ റേഞ്ച് ഐ.ജി.യ്ക്ക് നിർദേശം നല്കിയിട്ടുണ്ട്. പാലക്കാട് എസ്.പി.യുടെ നേതൃത്വത്തിൽ അഗളി ഡി.വൈ.എസ്.പി. ടി.കെ. സുബ്രഹ്മണ്യൻ അന്വേഷണ ഉദ്യോഗസ്ഥനായി പ്രത്യേക അന്വേഷണ സംഘം ഇതിനായി രൂപവത്കരിച്ചിട്ടുണ്ട്. ഐ.ജി. അന്വേഷണത്തിന് മേൽനോട്ടം വഹിക്കും. ഈ സംഭവത്തിൽ യുവാവിനെ മർദ്ദിച്ച രണ്ടുപേരെ ഇതിനകം കസ്റ്റഡിയിലെടുത്തിട്ടുണ്ട്. സംഭവത്തിൽ കുറ്റക്കാരായ മുഴുവൻ പേരെയും നിയമത്തിനു മുന്നിലെത്തിക്കും.

കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരേയും ഏർപ്പെടുന്നുവെന്ന് സംശയം തോന്നുന്നവരേയും ആൾക്കൂട്ടം പിടികൂടി മർദ്ദിക്കുന്ന പ്രവണത പലയിടത്തും കാണുന്നു. ഇത് തികച്ചും നിയമവിരുദ്ധവും ഒരു പരിഷ്കൃത സമൂഹത്തിന് ഒട്ടും യോജിക്കാത്തതുമാണ്. കുറ്റകൃത്യങ്ങൾ സംബന്ധിച്ച പരാതികൾ പോലീസിൽ അറിയിച്ച് പോലീസ് മുഖേന ഉചിതമായ നിയമനടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്. മറിച്ച് നിയമം കൈയിലെടുക്കാൻ ആർക്കും അധികാരമില്ല. അങ്ങനെയുണ്ടാവുന്ന സംഭവങ്ങളിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കും.

നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് പോലീസിനെ സഹായിക്കുകയും നിയമപരമായ മാർഗ്ഗത്തിലൂടെ പരിഹാരം കാണുകയും ചെയ്യണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

**ലോക്നാഥ് ബെഹറ ഐ.പി.എസ്.**
സംസ്ഥാന പോലീസ് മേധാവി